# ദേശ് ബചാവോ ദേശ് ബനാവോ അഭിയാൻ ഛത്തീസ്ഗഢിൽ

**കേരളീയം ന്യൂസ്സർവ്വീസ്**

നാഗ്പൂർ :ബാബറി മസ്ജിദ് രാമക്ഷേത്രം പൊളിച്ചുനിർമ്മിച്ചതാണെന്ന സംഘ്പരിവാർ വാദം അർത്ഥശൂന്യമാണെന്ന് മുൻ എം.പിയും ആര്യസമാജ് നേതാവുമായ സ്വാമി അഗ്നിവേശ് പറഞ്ഞു. ദേശ് ബചാവോ ദേശ് ബനാവോ പ്രക്ഷോഭയാത്രയിൽ പങ്കെടുത്തുകൊണ്ട് നാഗ്പൂരിലെ സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം. ചരിത്രത്തിന്റെ യാതൊരു പിൻബലവുമില്ലാതെ ഈ വാദം നാം വിശ്വസിക്കുന്നതെങ്ങനെയാണ്?

ഹിന്ദുത്വത്തിന് ഇന്ന് ഏറ്റവും വലിയ വെല്ലുവിളി ആർ എസ് എസ്, വി എച്ച് പി തുടങ്ങിയ സംഘ്പരിവാർ ശക്തികളിൽ നിന്നാണ്. അവരെ സംഘ്പരിവാർ (കുടുംബം) എന്നല്ല സംഘവിരോധ് (ശത്രുക്കൾ) എന്നാണ് വിളിക്കേണ്ടത്. ഇവരിലോരോരുത്തരും പലവിധ അഭിപ്രായങ്ങളും പറയുന്നുണ്ടെങ്കിലും അതെല്ലാം വെറും നാടകമാണ്. മുൻകൂട്ടി തയ്യാറാക്കിയ സംഭാഷണങ്ങളാണിവർ പറയുന്നത്.

ബാബർ ഇന്ത്യയിൽ അധികാരത്തിലെത്തുന്നത് 1526ലാണ്. എന്നാൽ അതിന് അമ്പത് വർഷത്തിന് ശേഷം മാത്രം ജനിച്ച തുളസീദാസ് രാമായണമെഴുതിയപ്പോൾ ഒരിടത്തും അയോദ്ധ്യയിൽ ഒരു ക്ഷേത്രം തകർത്ത കാര്യം എഴുതാതിരുന്നതെന്തുകൊണ്ട്? തികഞ്ഞ രാമഭക്തനായ തുളസീദാസ് ഇക്കാര്യം പറഞ്ഞില്ലെന്നതു തന്നെ സംഘ്പരിവാറിന്റെ കള്ളക്കഥകളുടെ പൊരുൾ വെളിവാക്കുന്നതാണ്. അക്ബറുമായി ഏറെക്കാലം പട വെട്ടിയ പൃഥ്വിരാജ് സിങ്ങോ, അറംഗസേബിന്റെ നിത്യശത്രുവായിരുന്ന ശിവജിയോ ഒരിക്കലും ഇക്കാര്യം പറഞ്ഞിട്ടില്ല. ആര്യസമാജസ്ഥാപകനായ ദയാനന്ദസരസ്വതിയോ വിവേകാനന്ദനോ ഒരിക്കൽ പോലും രാമക്ഷേത്രം തകർത്ത കാര്യം പറഞ്ഞിട്ടില്ല. അഗ്നിവേശ് പറഞ്ഞു.

ഇന്ത്യക്കകത്ത് മുസ്ലിംകളും പുറത്ത് പാക്കിസ്ഥാനും ശത്രുക്കളാണെന്ന് പ്രചരിപ്പിക്കുന്നവരാണ് സംഘ്പരിവാർ എന്ന് സ്വീകരണത്തിൽ സംസാരിച്ച സന്ദീപ് പാണ്ഡെ പറഞ്ഞു. അയോദ്ധ്യയിലുള്ള അമ്പതോളം ക്ഷേത്രങ്ങളിലെ പൂജാരികൾ വിശ്വഹിന്ദുപരിഷത്തിന്റെ നിലപാടിനെ എതിർക്കുന്നു. ഇപ്പോൾ താൽ

ശേഷം പേജ് 3

# ദേശ് ബചാവോ ദേശ് ബനാവോ അഭിയാൻ ഛത്തീസ്ഗഢിൽ

(പേജ് 1 തുടർച്ച)

ക്കാലികമായി കെട്ടിയുയർത്തിയിട്ടുള്ള രാമവിഗ്രഹത്തിന്റെ പൂജാരി ആചാര്യ സത്യേന്ദ്രദാസ് പോലും ക്ഷേത്രനിർമ്മാണത്തിനെതിരാണ്. 'തർക്കരഹിതഭൂമി'യെന്ന പേരിൽ പറയുന്ന 45 ഏക്കർ ഭൂമി വിശ്വഹിന്ദു പരിഷത്ത് വാങ്ങിയത് ധരംദാസ് എന്നയാളിൽ നിന്നാണ്. ക്ഷേത്രനിർമ്മാണത്തിനാണിതുവാങ്ങുന്നതെന്ന കാര്യം പറയാതെ, തന്നെ സിംഗാൾ വഞ്ചിക്കുകയായിരുന്നുവെന്ന് ധരംദാസ് പറയുന്നു. രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും കൊണ്ടുവന്ന പൂജിച്ച കല്ലുകൾ പ്രധാനമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥരാണ് ഏറ്റുവാങ്ങിയത്. അത് സൂക്ഷിക്കാൻ സ്ഥലം നൽകാൻ അയോദ്ധ്യയിൽ ആരും തയ്യാറായില്ല. അത് ദില്ലിക്കു കൊണ്ടുപോകൂ എന്നാണ് നാട്ടുകാർ പറയുന്നത്. തുടർന്ന് സന്ദീപ് പാണ്ഡെ അയോദ്ധ്യയിലേക്ക് നടത്തിയ യാത്രയുടെ അനുഭവം വിശദീകരിച്ചു. തികച്ചും സമാധാനപരമായി പ്രവർത്തിക്കുന്ന 75 പേരുടെ സംഘത്തിന് പ്രവേശനാനുമതി നൽകാൻ തയ്യാറാകാത്ത സർക്കാർ ഹിന്ദുത്വതീവ്രവാദിയായ അശോക് സിംഗാളിനും സംഘത്തിനും അവിടെ പ്രവേശനം നൽകുന്നു.

മാർച്ച് 30ന് ഈ പ്രക്ഷോഭയാത്ര അയോദ്ധ്യയിൽ സമാപിക്കുമ്പോൾ പതിനായിരത്തിൽപരം പേർ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തും. അയോദ്ധ്യയിലെ വിവിധ ബഹുജനസംഘടനകൾ ആവേശത്തോടെ ഇതിനായി കാത്തിരിക്കുകയാണ്. ഈ പ്രക്ഷോഭയാത്രയിൽ മേധാപട്കറോടൊപ്പം സന്ദീപ് പാണ്ഡെ, സ്വാമി അഗ്നിവേശ്, ഉൽക്കാ മഹാജൻ, ഫാ. തോമസ് കോച്ചേരി, ബി ഡി ശർമ്മ തുടങ്ങിയവരും പങ്കെടുക്കുന്നു.